# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഏപ്രിൽ 3

April 3

2019

*1193 മീനം 20 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

ലോക്സഭാ തെരഞ്ഞെടുപ്പ് 2019

**ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം നൽകി**

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാരുടെ വോട്ടവകാശം കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്നും, ശാരീരിക ബുദ്ധിമുട്ടുകൾ മൂലം ആരും വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ എത്താതിരിക്കുന്നില്ലായെന്നും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം നൽകി. വോട്ടർ ബോധവൽക്കരണ പരിപാടിയായ സ്വീപ് 2019ൽ ഉൾപ്പെടുത്തിയായിരുന്നു പരിശീലനം. ശാരീരിക ബുദ്ധിമുട്ടുള്ളവർക്ക് വോട്ടിംഗ് കേന്ദ്രത്തിൽ എത്തിച്ചേരുന്നത് സംബന്ധിച്ചും വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ള പ്രത്യേക സൗകര്യങ്ങളെ കുറിച്ചും കൃത്യമായ ബോധവൽക്കരണം നൽകി. ഇതിനൊപ്പം വിവിപാറ്റ് മെഷീനുകൾ പരിചയപ്പെടുത്തി. റാന്നി പി ജെ റ്റി ഓഡിറ്റോറിയത്തിൽ നടന്ന ബോധവത്ക്കരണ പരിപാടി എഡിസി ജനറലും സ്വീപ് നോഡൽ ഓഫീസറുമായ കെ കെ വിമൽരാജ് ഉദ്ഘാടനം ചെയ്തു. റാന്നി തഹസിൽദാർ ബാലസുബ്രഹ്മണ്യം അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വീപ് താലൂക്ക്തല നോഡൽ ഓഫീസർ എൻ വി സന്തോഷ്, റാന്നി സിഡിപിഒ അജിതകുമാരി, ദിവ്യാംഗസമിതി പ്രതിനിധികളായ ശശീന്ദ്രൻ പെരിന്നാട്, ശ്രീനിശാസ്താംകോവിൽ തുടങ്ങിയവർ പങ്കെടുത്തു. (ഇലക്ഷൻ 115/19)

## വോട്ടർപട്ടിക: 100 ശതമാനം അപേക്ഷയും തീർപ്പാക്കി പത്തനംതിട്ട ഒന്നാമത്

വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ലഭിച്ച 100 ശതമാനം അപേക്ഷയിലും തീർപ്പുണ്ടാക്കി കേരളത്തിൽ പത്തനംതിട്ട ജില്ല ഒന്നാമത്. കഴിഞ്ഞ മാർച്ച് 25ന് മുമ്പ് ലഭിച്ച 32,866 അപേക്ഷകളിലും തീർപ്പുണ്ടാക്കിയ ജില്ലാ ഇലക്ഷൻ ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഏപ്രിൽ രണ്ടിനുതന്നെ ഇക്കാര്യം കേന്ദ്രതെരഞ്ഞെടുപ്പ് കമ്മിഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. മാർച്ച് 25 വരെ അപേക്ഷിച്ചവർക്ക് മാത്രമേ ഇക്കുറി ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനാവൂ.

ആകെ ലഭിച്ച 32866 അപേക്ഷകളിൽ 28143 അപേക്ഷകൾ സ്വീകരിക്കപ്പെട്ടു. 4723 അപേക്ഷകളാണ് നിരസ്കരിച്ചത്. 1001 എൻ.ആർ.ഐ അപേക്ഷകളിൽ 728 എണ്ണം സ്വീകരിക്കപ്പെട്ടു. തിരസ്കരിച്ചത് 273 അപേക്ഷകൾ. രണ്ട് വിഭാഗത്തിലും പെൻഡിംഗ് കേസുകൾ ഒന്നുംതന്നെയില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു.

ഏറ്റവും കൂടുതൽ അപേക്ഷകൾ സ്വീകരിക്കപ്പെട്ടത് ആറന്മുളയിലാണ്. 7789 അപേക്ഷകൾ ലഭിച്ചതിൽ 6816 പേരുടെ അപേക്ഷ സ്വീകരിച്ചപ്പോൾ 973 പേരുടെ അപേക്ഷ നിരസിച്ചു. ഏറ്റവും കൂടുതൽ അപേക്ഷകൾ നിരസിച്ചത് അടൂർ മണ്ഡലത്തിലാണ് ആകെ ലഭിച്ച 7416 അപേക്ഷകളിൽ നിരസിച്ചത് 1242 എണ്ണം. 6174 അപേക്ഷകൾ സ്വീകരിക്കപ്പെട്ടു.

തിരുവല്ലയിൽ ലഭിച്ച 6961 അപേക്ഷകളിൽ 6063 എണ്ണം സ്വീകരിച്ചു. 898 എണ്ണം നിരസിച്ചു. റാന്നിയിൽ ഇത് യഥാക്രമം 5121, 4438, 683 എന്നീ ക്രമത്തിലും കോന്നിയിൽ 5579, 4652, 927 എന്നീ ക്രമത്തിലുമാണ്.

എൻ.ആർ.ഐ വിഭാഗത്തിലും കൂടുതൽ അപേക്ഷ സ്വീകരിച്ചത് ആറന്മുള മണ്ഡലംതന്നെ. 264 അപേക്ഷ ഈ വിഭാഗത്തിൽ ലഭിച്ചു. അതിൽ 236 എണ്ണം സ്വീകരിക്കപ്പെടുകയും 28 എണ്ണം നിരസിക്കപ്പെടുകയും ചെയ്തു. അപേക്ഷകൾ കൂടുതൽ നിരസിക്കപ്പെട്ടത് ഈ വിഭാഗത്തിലും അടൂർ മണ്ഡലത്തിൽതന്നെയാണ്. ആകെ ലഭിച്ച 199 അപേക്ഷകളിൽ 111 എണ്ണം നിരസിക്കപ്പെട്ടു. 88 എണ്ണം സ്വീകരിച്ചു.

തിരുവല്ലയിൽ 253 അപേക്ഷകൾ ലഭിച്ചതിൽ 203 എണ്ണം സ്വീകരിക്കുകയും 50 എണ്ണം തിരസ്കരിക്കുകയും ചെയ്തു. റാന്നിയിൽ ലഭിച്ചത് 148 അപേക്ഷ. 112 അപേക്ഷകൾ അംഗീകരിച്ചപ്പോൾ 36 അപേക്ഷകൾ അംഗീകരിക്കപ്പെട്ടില്ല. കോന്നിയിൽ ലഭിച്ച 137 അപേക്ഷകളിൽ 89 എണ്ണം സ്വീകരിക്കുകയും 48 എണ്ണം നിരസിക്കുകയും ചെയ്തു.

പലരും ഒന്നിലധികം തവണ അപേക്ഷ നൽകിയിട്ടുള്ളതിനാലാണ് നിരസിക്കപ്പെട്ടവയുടെ എണ്ണം കൂടിയത്. ചിലർ 34 തവണ വരെ ഒരേ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം കേസുകളിലെല്ലാം ഒരു അപേക്ഷ സ്വീകരിച്ച് മറ്റുള്ളവ നിരസിക്കേണ്ടിവന്നു. നിലവിൽ കാർഡ് ഉള്ളവരും കാർഡിൽ തിരുത്തൽ ആവശ്യമുള്ളവരും പുതിയ കാർഡിനുള്ള അപേക്ഷയാണ് സമർപ്പിച്ചത്. ഇതും നിരസിക്കപ്പെട്ടവയുടെ എണ്ണം വർധിക്കാൻ കാരണമായി.

സമയബന്ധിതമായി ജില്ലയിലെ അപേക്ഷകളെല്ലാം പരിഗണിച്ച് തീർപ്പ് കല്പിച്ച തെരഞ്ഞെടുപ്പ് വിഭാഗത്തിലെ എല്ലാ ജീവനക്കാരേയും എ.ആർ.ഒമാരെയും താലൂക്ക് രജിസ്ട്രേഷൻ ഓഫീസർമാരേയും താലൂക്ക്തല ഉദ്യോഗസ്ഥരെയും ബൂത്ത് തല ഓഫീസർമാരേയും ജില്ലാ കളക്ടർ അഭിനന്ദിച്ചു. (ഇലക്ഷൻ: 116/19)

## വോട്ടറാകാൻ ഒരാൾ അപേക്ഷിച്ചത് 34 തവണ; മറ്റൊരാൾ 25 തവണ

വോട്ടർപട്ടികയിൽ പേരു ചേർക്കാനായി ഒരു വ്യക്തി അപേക്ഷ നൽകിയത് 34 തവണ. അടൂർ മണ്ഡലത്തിലാണ് ഇത്തരം അപേക്ഷകൾ വ്യാപകമായി കിട്ടിയത്. ഫോട്ടോയുൾപ്പെടെ ഒരു അപേക്ഷയിലും വ്യത്യാസങ്ങളൊന്നുമില്ല. ഒടുവിൽ ഒരു അപേക്ഷ സ്വീകരിക്കുകയും മറ്റ് 33 എണ്ണം നിരസിക്കുകയും ചെയ്തതായി അടൂർ എ.ആർ.ഒ. ബീനാറാണി അറിയിച്ചു. ഇവിടെതന്നെ മറ്റൊരു വ്യക്തി 25 തവണയും അപേക്ഷിച്ചിട്ടുണ്ട്.

ഒന്നിലധികംതവണ അപേക്ഷ നൽകിയവർ എല്ലാ മണ്ഡലത്തിലും നിരവധിയുണ്ട്. ഇത്തരം അപേക്ഷകളാണ് നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം ഉയർത്തിയത്. നിലവിൽ വോട്ടർ കാർഡുള്ളവരും പുതിയ കാർഡിനായി അപേക്ഷ നൽകിയ കേസുകളും കുറച്ചധികമുണ്ട്. പോലീസിന്റെ സഹായത്തോടെയാണ് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഈ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുത്തത്. (ഇലക്ഷൻ: 117/19)

## വരൂ വോട്ട് ചെയ്യാൻ പരിചയപ്പെടാം
## കളക്ടറേറ്റിൽ മാതൃകാ തെരഞ്ഞെടുപ്പ് ബൂത്ത്

ലോക്സഭാ തെരഞ്ഞെടുപ്പ് ബോധവത്കരണത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ മാതൃകാ പോളിംഗ് ബൂത്ത് ആരംഭിച്ചു. ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് വിഭാഗവുമായി സഹകരിച്ചാണ് ഹരിതചട്ടം പാലിച്ചുള്ള മാതൃകാ പോളിംഗ് ബൂത്ത് നിർമിച്ചത്. ഈ ബൂത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി. നൂഹ് നിർവഹിച്ചു. പ്രകൃതിക്ക് ദോഷകരമായ ഒരു വസ്തുവും ഉപയോഗിക്കാതെയാണ് മാതൃകാ ബൂത്ത് നിർമിച്ചതെന്ന് ജില്ലാ കളക്ടർ ചൂണ്ടിക്കാട്ടി. ഹരിത ഇലക്ഷൻ സംബന്ധിച്ച നിർദേശങ്ങൾ എല്ലാർക്കും നൽകിയിട്ടുണ്ട്. നിർദേശം അംഗീകരിക്കാമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും അറിയിച്ചിട്ടുമുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും ഇത്തരത്തിലുള്ള മാതൃകാ പോളിംഗ് സ്റ്റേഷനുകൾ തയാറാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്. സന്തോഷ് കുമാർ, എഡിഎം. ക്ലമന്റ് ലോപ്പസ്, എഡിസിയും സ്വീപ് നോഡൽ ഓഫീസറുമായ കെ.കെ. വിമൽ രാജ്, ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ കെ. രശ്മിമോൾ, കളക്ടറേറ്റ് ജീവനക്കാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. (ഇലക്ഷൻ: 118/19)

## ചക്ക ഉത്പന്ന നിർമാണത്തിൽ പരിശീലനം

പത്തനംതിട്ട എസ്ബിഐയുടെ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിൽ ചക്ക കൊണ്ടുള്ള വിവിധതരം ഉത്പന്നങ്ങളുടെ നിർമാണത്തിൽ സൗജന്യ പരിശീലനം നൽകുന്നു. 18നും 45നും മധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. ഫോൺ: 0468 2270244, 2270243. (പിഎൻപി 994/19)

## സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് അപേക്ഷിക്കാം

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായവർക്ക് സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് അപേക്ഷിക്കാം.

ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ കെസ്റുവിലൂടെ ഒരു ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 21നും 50നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. വായ്പ തുകയുടെ 20 ശതമാനം സബ്സിഡിയായി അനുവദിക്കും.

മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ് വഴി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 21നും 45നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് മൂന്ന് വർഷവും പട്ടികജാതി/വർഗ, വികലാംഗ ഉദ്യോഗാർഥികൾക്ക് അഞ്ച് വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. ഓരോ ക്ലബിലും കുറഞ്ഞത് രണ്ട് അംഗങ്ങൾ ഉണ്ടായിരിക്കണം. പദ്ധതി ചെലവിന്റെ 25 ശതമാനം (പരമാവധി രണ്ട് ലക്ഷം രൂപ) സബ്സിഡി അനുവദിക്കും.

തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നിവർക്ക് ശരണ്യ പദ്ധതി പ്രകാരം പരമാവധി 50000 രൂപ വരെ പലിശരഹിത വായ്പ ലഭിക്കും. പദ്ധതി പരിശോധിച്ച് ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കാം. വായ്പ തുകയുടെ 50 ശതമാനം (പരമാവധി 25000 രൂപ) സബ്സിഡി ലഭിക്കും. 18നും 55നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷക വിദ്യാർഥിനി ആയിരിക്കാൻ പാടില്ല. കൂടുതൽ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലഭിക്കും. ഫോൺ: 0468 2222745. (പിഎൻപി 995/19)

## കംപ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

കെൽട്രോണും ചെന്നീർക്കര ഗവൺമെന്റ് ഐടിഐയും സംയുക്തമായി ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ് വർക്ക് മെയിന്റനൻസ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 8921536731, 8075759481. (പിഎൻപി 996/19)

## ഫോട്ടോ അടിക്കുറിപ്പ്

1) വിവിപാറ്റ് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള വോട്ടെടുപ്പിൽ ഭിന്നശേഷിക്കാർക്ക് പരിശീലനം നൽകുന്നു.
2) ലോക്സഭാ തെരഞ്ഞെടുപ്പ് ബോധവത്കരണത്തിന്റെ ഭാഗമായി കളക്ടറേറ്റിൽ സജ്ജീകരിച്ച മാതൃകാ പോളിംഗ് ബൂത്ത് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 3<br>April 3 | 2019 |
| --- | --- |

*1193 മീനം 20 ബുധൻ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**നാമനിർദേശ പത്രിക ഇന്നുംകൂടി നൽകാം**

ലോക്സഭാ തെരഞ്ഞെടുപ്പ് 2019 ൽ മത്സരാർഥികൾക്ക് നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഇന്ന് അവസാനിക്കും. ഇന്ന് വൈകിട്ട് മൂന്ന് വരെയാണ് കളക്ടറേറ്റിൽ പത്രിക സ്വീകരിക്കുന്നത്. പത്തനംതിട്ട മണ്ഡലത്തിൽ ഇതുവരെ ആറ് സ്ഥാനാർഥികളാണ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചിട്ടുള്ളത്.

ഇന്നലെ (3) സിപിഎം ഡമ്മി സ്ഥാനാർഥിയായി ഓമല്ലൂർ ചൈതന്യയിൽ ശങ്കരൻ ഒരു സെറ്റ് പത്രിക സമർപ്പിച്ചു. ബിഎസ്പി സ്ഥാനാർഥിയായി വാകത്താനം നാലുംനാക്കിൽ വേങ്ങമൂട്ടിൽ പി.സി.ഷിബു രണ്ട് സെറ്റ് പത്രിക സമർപ്പിച്ചു.

ഇന്ന് പത്രിക സമർപ്പിക്കാനുള്ള സമയം അവസാനിക്കുന്നതോടെ സ്ഥാനാർഥികളെ സംബന്ധിച്ച ചിത്രം തെളിയും. നാളെ (05/04/2019) യാണ് സൂക്ഷമ പരിശോധന. ഈമാസം എട്ടുവരെ പത്രിക പിൻവലിക്കാൻ അവസരം ഉണ്ടാകും. 23 നാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്.

(ഇലക്ഷൻ: 119/19)

**ജാഗ്രതൈ, കളക്ടർ എല്ലാം കാണുന്നുണ്ട്;**

**തെരഞ്ഞെടുപ്പ് നടപടികൾ കർശന നിരീക്ഷണത്തിൽ**

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി തത്സമയ നിരീക്ഷണ

സംവിധാനങ്ങള്‍ ജില്ലയില്‍ ഏര്‍പ്പെടുത്തിയെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ പി.ബി നൂഹ് പറഞ്ഞു. കളക്ട്രേറ്റ് പൂര്‍ണമായും സിസിടിവി നിരീക്ഷണത്തിന്‍ കീഴിലാണ്. ദൃശ്യങ്ങള്‍ കളക്ടര്‍ക്ക് ചേംബറില്‍ നിന്ന് നിരീക്ഷിക്കാവുന്ന വിധത്തിലാണ് ക്രമീകരണം.

ജില്ലയിലെ എല്ലാ സ്ട്രോംഗ് റൂമുകളും സിസിടിവി നിരീക്ഷണത്തിലായിരിക്കും. ഈ ദൃശ്യങ്ങളും കളക്ടര്‍ക്ക് ചേംബറില്‍ ഇരുന്ന് കാണാം. കൗണ്ടിംഗ് സെന്ററിന്റെ ക്രമീകരണം പൂര്‍ണമാകുന്നതോടെ അവിടെയും സിസിടിവി സ്ഥാപിക്കും. ജില്ലയിലെ 171 പ്രശ്നബാധിത ബൂത്തുകളിലും സിസിടിവി സ്ഥാപിച്ച് അവയിലെ ദൃശ്യങ്ങളും കളക്ട്രേറ്റില്‍ നിരീക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്തിട്ടുണ്ടെന്ന് കളക്ടര്‍ അറിയിച്ചു.

തെരഞ്ഞെടുപ്പ് കഴിഞ്ഞാലും കളക്ടറേറ്റ് 24 മണിക്കൂറും പൂര്‍ണ ക്യാമറാ നിരീക്ഷണത്തിലായിരിക്കും. കളക്ടറേറ്റിലെ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള 16 ക്യാമറകളായിരിക്കും തത്സമയം ദൃശ്യങ്ങള്‍ പകര്‍ത്തുക. നിലവിലുള്ള 16 സ്ഥിരം ക്യാമറകള്‍ക്ക് പുറമേയാണ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിരീക്ഷണത്തിനായി വിപുലമായ സംവിധാനം ഒരുക്കിയിട്ടുള്ളത്. പത്രികാ സമര്‍പ്പണവുമായി ബന്ധപ്പെട്ട ദൃശ്യങ്ങള്‍ പകര്‍ത്തുന്നതിന് റിട്ടേണിംഗ് ഓഫീസറുടെയും (ജില്ലാ കളക്ടര്‍), അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെയും (എല്‍.ആര്‍.ഡെപ്യൂട്ടി കളക്ടര്‍) ചേംബറുകളില്‍ പ്രത്യേക സംവിധാനം ഉണ്ട്. പൊതുമരാമത്ത് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എന്‍ജിനീയര്‍ മാത്യു ജോണിന്റെ നേതൃത്വത്തിലാണ് ക്യാമറ നിരീക്ഷണ സംവിധാനം ഒരുക്കിയിട്ടുള്ളത്. (ഇലക്ഷന്‍: 120/19)

## സ്വീപ് വോട്ടര്‍ ബോധവത്ക്കരണം: ക്വിസ് മത്സരം ഒമ്പതിന്

വോട്ടര്‍ ബോധവത്ക്കരണ പരിപാടിയായ സ്വീപിന്റെ ഭാഗമായി ഹയര്‍ സെക്കന്‍ഡറി/കോളജ് വിദ്യാര്‍ഥികള്‍ക്കായി ക്വിസ് മത്സരം നടത്തുന്നു. ഈ മാസം ഒമ്പതിന് രാവിലെ ഒമ്പതിന് പത്തനംതിട്ട മുസലിയാര്‍ എന്‍ജിനീയറിംഗ് കോളജിലാണ് മത്സരം സംഘടിപ്പിക്കുന്നത്. ഓരോ സ്കൂള്‍/കോളജില്‍ നിന്നും രണ്ട് പേര്‍ അടങ്ങുന്ന ടീമിന് പങ്കെടുക്കാം. ടീമുകളുടെ എണ്ണത്തിന് പരിധിയില്ല. പൊതുവിജ്ഞാനം, തെരഞ്ഞെടുപ്പ് എന്നിവയില്‍ നിന്നും ചോദ്യങ്ങള്‍ ഉണ്ടായിരിക്കും. ഒന്നാം സ്ഥാനം നേടുന്ന ടീമിന് 5000 രൂപയും ട്രോഫിയും രണ്ടാം സ്ഥാനത്തിന് 3000 രൂപയും ട്രോഫിയും സമ്മാനം ലഭിക്കും. പങ്കെടുക്കാന്‍ താത്പര്യമുള്ളവര്‍ എട്ടിന് ഉച്ചയ്ക്ക് ഒന്നിന് മുമ്പ് കളക്ടറേറ്റിന്റെ മൂന്നാം നിലയില്‍ പ്രവര്‍ത്തിക്കുന്ന അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണര്‍ (ജനറല്‍) ഓഫീസില്‍ നേരിട്ടെത്തിയോ 0468 2322720 എന്ന നമ്പരിലോ adcpta@live.com എന്ന ഇ-മെയില്‍ വിലാസത്തിലോ രജിസ്റ്റര്‍ ചെയ്യണം. മത്സരാര്‍ഥികള്‍ സ്കൂള്‍/കോളജ് തിരിച്ചറിയല്‍ കാര്‍ഡ് സഹിതം മത്സരത്തിന് ഹാജരാകണം. (ഇലക്ഷന്‍: 121/19)

## പൊതുനിരത്തുകളില്‍ പാര്‍ട്ടി ചിഹ്നങ്ങള്‍ വരയ്ക്കുന്നത് ഒഴിവാക്കണം: ജില്ലാകളക്ടര്‍

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുനിരത്തുകളില്‍ പാര്‍ട്ടി ചിഹ്നങ്ങള്‍ വരയ്ക്കുന്നത് ഒഴിവാക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും, ജില്ലാ കളക്ടറുമായ പി ബി നൂഹ് അറിയിച്ചു. ഈ നിര്‍ദേശം പാലിക്കാത്ത പക്ഷം ഇവ നീക്കം ചെയ്തശേഷം ചെലവ് ബന്ധപ്പെട്ട സ്ഥാനാര്‍ഥിയുടെ കണക്കില്‍ ഉള്‍പ്പെടുത്തും. കൂടാതെ, പോസ്റ്ററുകള്‍, ബാനറുകള്‍, ലഘുലേഖകള്‍ എന്നിവയില്‍ പ്രസിദ്ധീകരിക്കുന്നവരുടെ പേരുവിവരങ്ങള്‍, കോപ്പികളുടെ എണ്ണം, അച്ചടിശാലയുടെ പേര് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. അല്ലാത്തപക്ഷം ബന്ധപ്പെട്ട സ്ഥാനാര്‍ഥിയുടെ കണക്കില്‍ ഉള്‍പ്പെടുത്തുമെന്നും കളക്ടര്‍ പറഞ്ഞു. (ഇലക്ഷന്‍: 122/19)

## കെ–ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

തിരുവല്ല എംജിഎം ഹൈസ്കൂൾ പരീക്ഷാകേന്ദ്രമായി കഴിഞ്ഞ ഒക്ടോബറിൽ കെ–ടെറ്റ് പരീക്ഷയെഴുതി വിജയിച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ കഴിഞ്ഞവരുടെ കെ–ടെറ്റ് അസൽ സർട്ടിഫിക്കറ്റ് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും കൈപ്പറ്റണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. (പിഎൻപി 997/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കളക്ടറുടെ ചേംബറിൽ സജ്ജീകരിച്ച സിസിടിവിയിൽ നിന്നുള്ള ദൃശ്യങ്ങൾ ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി.നൂഹ് വീക്ഷിക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 3<br>April 3 | 2019 |
|---|---|

*1193 മീനം 20 ബുധൻ*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

ലോക്സഭാ തെരഞ്ഞെടുപ്പ് 2019

**വിദ്യാർഥികൾക്കും അധ്യാപകർക്കും**
**ആവേശം പകർന്ന് മോക്പോൾ**

ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് വോട്ടർ ബോധവത്ക്കരണത്തിന്റെ ഭാഗമായി തിരുവല്ല പെരുന്തുരുത്തി പുഷ്പഗിരി ഫാർമസി കോളജിൽ മോക്പോൾ നടത്തി. തെരഞ്ഞെടുപ്പ് കമ്മീഷന്റെ സ്വീപ് വോട്ടർ ബോധവത്കരണ പരിപാടിയുടെ ഭാഗമായാണ് മോക്പോൾ സംഘടിപ്പിച്ചത്. വിദ്യാർഥികളും അധ്യാപകരും ഫാർമസി കോളജിലെത്തിയ പൊതുജനങ്ങളും വിവിപാറ്റും വോട്ടിംഗ് യന്ത്രവും പരിചയപ്പെടുകയും ആവേശത്തോടെ വോട്ട് രേഖപ്പെടുത്തുകയും ചെയ്തു. തങ്ങൾ ചെയ്ത വോട്ട് കൃത്യമായി രേഖപ്പെടുത്തപ്പെട്ടുവെന്ന് വിവിപാറ്റ് സ്ലിപ്പിലൂടെ ഓരോ വോട്ടറും ബോധ്യപ്പെട്ടത് പുതിയ അനുഭവമായി.

തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ മോക്പോൾ പരിപാടി ഉത്ഘാടനം ചെയ്തു. വോട്ടിംഗ് സമയത്ത് ബൂത്ത് തല ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ, വോട്ടു ചെയ്യേണ്ടതെങ്ങനെ, ഇ വി എം, വിവി പാറ്റ് മെഷീനുകളുടെ പ്രവർത്തനം തുടങ്ങിയവ മോക്പോളിന്റെ ഭാഗമായി പരിചയപ്പെടുത്തി. തിരുവല്ല ഡെപ്യൂട്ടി തഹസിൽദാർ ബിനു ഗോപാലകൃഷ്ണൻ, വകുപ്പ് തല ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. (ഇലക്ഷൻ: 123/19)

**ഫോട്ടോ അടിക്കുറിപ്പ്**

5) തിരുവല്ല പെരുന്തുരുത്തി പുഷ്പഗിരി ഫാർമസി കോളജിൽ വോട്ടർ ബോധവത്കരണ പരിപാടിയുടെ ഭാഗമായി സബ് കളക്ടർ ഡോ. വിനയ് ഗോയലിന്റെ നേതൃത്വത്തിൽ നടത്തിയ മോക്പോൾ.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**